I/124721/2023

ഭരണഭാഷ – മാതൃഭാഷ

കേരള സർക്കാർ

പ്രിൻസിപ്പൽ ഡയറക്ടറേറ്റ്, തദ്ദേശസ്വയംഭരണ വകുപ്പ്
സ്വരാജ് ഭവൻ, നന്തൻകോട്, കവടിയാർ പി.ഒ

തിരുവനന്തപുരം–695003, ഫോൺ: 0471-2727255, 2314526

വെബ്സൈറ്റ്: principaldirectorate.lsgkerala.gov.in
ഇ-മെയിൽ: pd.lsgd@kerala.gov.in

No. LSGD/PD/58629/2023-GEA3

തീയതി: 15-11-2023

## നോട്ടീസ്

വിഷയം: തദ്ദേശ സ്വയം ഭരണ വകുപ്പ് - ജീവനക്കാര്യം - ശ്രീമതി സുജാത ജി.-യെ മുനിസിപ്പൽ കോമൺ സർവീസിലെ സീനിയോറിറ്റി ലിസ്റ്റിൽ താത്ക്കാലികമായി ഉൾപ്പെടുത്തി നോട്ടീസ് പ്രസിദ്ധീകരിക്കുന്നത് - സംബന്ധിച്ച്

സൂചന:
1. നഗരകാര്യ വകുപ്പ് ഡയറക്ടറുടെ 11.10.2017- തീയതിയിലെ ഇ7-2334/2016 (13) നമ്പർ ഉത്തരവ്.
2. നഗരകാര്യ വകുപ്പ് ഡയറക്ടറുടെ 19.06.2020 തീയതിയിലെ ഇ8- 9696/2020 നമ്പർ ഉത്തരവ്.
3. നഗരകാര്യ വകുപ്പ് ഡയറക്ടറുടെ 24.11.2021 തീയതിയിലെ ഇ8- 13498/2021 നമ്പർ ഉത്തരവ്.
4. തദ്ദേശ സ്വയം ഭരണ വകുപ്പ് (അർബൻ) ഡയറക്ടർ 23/06/2022 ൽ DUA/4400/2022-E7 പ്രസിദ്ധീകരിച്ച അന്തിമഗ്രഡേഷൻ ലിസ്റ്റ്
5 കണ്ണൂർ നഗരസഭ സെക്രട്ടറിയുടെ 27/02/2023-ലെ ജി1-26248/2020 നമ്പർ കത്ത്

കേരള പി.എസ്.സി. അഡ്വൈസ് മെമ്മോ പ്രകാരം 01.11.2017-ന് കണ്ണൂർ നഗരസഭയിൽ ക്ലാർക്ക് തസ്തികയിൽ ജോലിയിൽ പ്രവേശിച്ച ശ്രീമതി.സുജാത .ജി കേരള സ്റ്റേറ്റ് കോപ്പറേറ്റീവ് ബാങ്കിൽ ഡാറ്റാ എൻട്രി ഓപ്പറേറ്ററായി നിയമനം ലഭിച്ചതിനെത്തുടർന്ന് മുൻസിപ്പൽ കോമൺ സർവ്വീസിൽ നിന്നും സൂചന (2) പ്രകാരം വിടുതൽ ചെയ്തു. തുടർന്ന് മാതൃവകുപ്പിൽ ക്ലാർക്ക് തസ്തികയിൽ പുനർനിയമനം നൽകണമെന്ന ടിയാളുടെ അപേക്ഷയിന്മേൽ കെ.എസ് .& എസ് . എസ് . ആർ. ഭാഗം II ചട്ടം 8 - ലെ വ്യവസ്ഥകൾ പ്രകാരം മുനിസിപ്പൽ കോമൺ സർവീസിൽ ക്ലാർക്ക് തസ്തികയിൽ പുനർനിയമനം നൽകിക്കൊണ്ട് സൂചന (3) പ്രകാരം ഉത്തരവായതിൻ പ്രകാരം ടിയാൾ മാതൃവകുപ്പിൽ തിരികെ പ്രവേശിക്കുകയും ചെയ്തിട്ടുണ്ട്. ആയതിൻപ്രകാരം മുനിസിപ്പൽ കോമൺ സർവീസിലെ ക്ലാർക്ക് തസ്തികയിൽ സീനിയോറിറ്റി ലിസ്റ്റിൽ ടിയാളെ ഉൾപ്പെടുത്തുന്നതിനുള്ള നടപടികൾ ഉണ്ടാകണമെന്ന ശ്രീമതി ജി. സുജാതയുടെ അപേക്ഷ സൂചന (5) പ്രകാരം ലഭ്യമാക്കിയിട്ടുണ്ട്.

ശ്രീമതി സുജാത ജി. മുനിസിപ്പൽ കോമൺ സർവീസിൽ നിന്നും വിടുതൽ ചെയ്യുന്ന സമയത്തു 01.12.2017 പ്രാബല്യത്തിയതിയായ ക്ലർക്കുമാരുടെ സീനിയോറിറ്റി ലിസ്റ്റാണ് നിലവിലുണ്ടായിരുന്നത്. പ്രസ്തുത ലിസ്റ്റിൽ ടിയാൾ ക്രമ നമ്പർ 1321 ആയാണ് ഉൾപ്പെട്ടിട്ടുള്ളത്. നിലവിൽ 31.05.2022 തിയതി പ്രാബല്യത്തിലുള്ള സീനിയോറിറ്റി ലിസ്റ്റ് പരാമർശം (4) പ്രകാരം പ്രസിദ്ധീകരിച്ചിട്ടുണ്ടെങ്കിലും ആയതിൽ ശ്രീമതി സുജാത ജി.-യുടെ

I/124721/2023

പേര് ഉൾപ്പെട്ടിട്ടില്ല. . കെ.എസ്. & എസ് . എസ് . ആർ. ഭാഗം II ചട്ടം 8- ലെ കുറിപ്പ് (3) പ്രകാരം പുനർനിയമനം, മാതൃവകുപ്പിൽ നിന്നും വിടുതൽ ചെയ്ത അഞ്ചുവർഷത്തിനകമാണെങ്കിൽ ചട്ടം 8(a) വ്യവസ്ഥചെയ്യുന്ന പ്രകാരമുള്ള സീനിയോറിറ്റി സംരക്ഷണം ലഭിക്കുന്നതിന് അർഹതയുണ്ട്. ആയതിനാൽ 01.12.2017-ലെ സീനിയോറിറ്റി ലിസ്റ്റിലെ ടിയാളുടെ സ്ഥാനത്തിന് ആനുപാതികമായി സൂചന (4) പ്രകാരം പ്രസിദ്ധീകരിച്ച നിലവിലെ സീനിയോറിറ്റി ലിസ്റ്റിൽ ശ്രീമതി. സുജാത ജി -യെ ക്രമനമ്പർ 512നും 513 നും ഇടയിൽ 512 A നമ്പരായി താത്ക്കാലികമായി ഉൾപ്പെടുത്തുന്നതിന് തീരുമാനിച്ചിരിക്കുന്നു.

| Sl. No./ Seniority No. | Name | Date of Birth | Qualifications | | Date of entry in service | Advice Order No & Date | Appoint- ment Order No. &Date | Date of Declaration of Probation | Present station | Retirement | Remarks |
|---|---|---|---|---|---|---|---|---|---|---|---|
| | | | General | Departmental | | | | | | | |
| 512 A | Sujatha G. | 29/05/1975 | SSLC | MOP | 01.11.2017 | C1(4)3766/13(11) Dt.11/08/2017 | E7-2334/2016 (13) Dt. 11.10. 2017 | 01.11.2019 | Kannur | 31/05/2035 | |

പ്രസ്തുത തീരുമാനത്തിൽ എന്തെങ്കിലും ആക്ഷേപമുള്ള ജീവനക്കാർ ഈ നോട്ടീസ് തീയതി മുതൽ 15 ദിവസത്തിനുള്ളിൽ തങ്ങളുടെ ആക്ഷേപം രേഖാമൂലം ഈ ഓഫീസിൽ നൽകേണ്ടതാണ്. നിശ്ചിത തീയതിക്കുള്ളിൽ ആക്ഷേപങ്ങൾ ലഭിക്കാത്ത പക്ഷം മറ്റൊരറിയിപ്പ് കൂടാതെ പ്രസ്തുത താൽക്കാലിക തീരുമാനം സ്ഥിരപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നതാണ്.

വിശ്വസ്തതയോടെ,

Suresh Kumar S
SENIOR ADMINISTRATIVE OFFICER
പ്രിൻസിപ്പൽ ഡയറക്ടർക്ക് വേണ്ടി

പകർപ്പ്

1. എല്ലാ ജില്ലാ ജോയിന്റ് ഡയറക്ടർമാർക്കും
2. വ്യക്തികൾക്ക് (കണ്ണൂർ ജില്ലാ ജോയിന്റ് ഡയറക്ടർ മുഖേന)
3. സിസ്റ്റം മാനേജർക്ക് (സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി )
4. കരുതൽ/അധികം

Signed by
Suresh Kumar S
Date: 15-11-2023 11:14:07